"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം-WM3/38/2023-LSGD-Part(4)
തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 08-08-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- മാലിന്യമുക്തം നവകേരളം-ഓണാഘോഷ പരിപാടികൾ/മേളകൾ - ഹരിത ചട്ടം പാലിക്കുന്നത്- സംബന്ധിച്ച്.

സൂചന:- സ.ഉ.(സാധാ) നം1068/2023/തസ്വഭവ തീയതി.20.05.2023

**********************

സംസ്ഥാനത്ത് വ്യാപാര സ്ഥാപനങ്ങൾ , ഓണചന്തകൾ , വിവിധ സ്ഥാപനങ്ങൾ , ഓഫീസുകൾ , സംഘടനകൾ , ക്ലബ്ബുകൾ , തുടങ്ങിയവരുടെ നേതൃത്വത്തിൽ നടത്തുന്ന ഓണാഘോഷ പരിപാടികൾ / മേളകളിൽ ഉണ്ടാകാവുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും , ഉണ്ടാകുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു

1. **ഹരിത ചട്ടം**

   വ്യാപാര സ്ഥാപനങ്ങൾ, ഓണചന്തകൾ, വിവിധ സ്ഥാപനങ്ങൾ, ഓഫീസുകൾ, സംഘടനകൾ, ക്ലബ്ബുകൾ, തുടങ്ങിയവരുടെ നേതൃത്വത്തിൽ നടത്തുന്ന ഓണാഘോഷ പരിപാടികൾ/മേളകളിൽ ഹരിതചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക

2. **ശേഖരണ സംവിധാനം**

   (എ) ഓണഘോഷ പരിപാടി/മേളകളുടെ ഭാഗമായി ഉണ്ടാകാവുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുക.

   (ബി) ഉണ്ടാകുന്ന മാലിന്യം ഉറവിടത്തിൽ തരംതിരിച്ച് അതാത് ദിവസം തന്നെ ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വ്യാപാര സ്ഥാപനങ്ങൾ, ഓണചന്തകൾ, വിവിധ സ്ഥാപനങ്ങൾ, ഓഫീസുകൾ, സംഘടനകൾ, ക്ലബ്ബുകൾ എന്നിവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്.

   (സി) ജൈവ മാലിന്യം ഉറവിടത്തിലോ/ കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് യൂണിറ്റിലോ

സംസ്കരിക്കുന്നതിനുള്ള ക്രമീകരണം ഉണ്ടെന്ന് ഉറപ്പാക്കണം.

(ഡി) തരംതിരിച്ച അജൈവമാലിന്യം അതാത് ദിവസം തന്നെ Mini MCF/MCF-ലേക്ക് കൊണ്ടുപോകുന്നതിനുള്ള സംവിധാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്. ഈ പ്രവർത്തനം ചിട്ടയായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് തദ്ദേശ സ്ഥാപന സെക്രട്ടറി ചുമതല നൽകേണ്ടതാണ്.

(ഇ) തരംതിരിച്ച അജൈവ മാലിന്യം അതാത് ദിവസം തന്നെ Mini MCF/MCF-ലേക്ക് കൊണ്ടുപോകുന്നതിന് ഹരിതകർമ്മസേനയുടെ സേവനം ഇതിലേക്ക് ക്രമപ്പെടുത്തണം

(എഫ്) ഓണാഘോഷ പരിപാടികൾ/മേളകളിൽ നിന്നുണ്ടാകുന്ന ജൈവ/ അജൈവ മാലിന്യ ശേഖരണത്തിനായി യൂസർ ഫീസ് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ച് നൽകേണ്ടതാണ്.

3. **ബദൽ ഉൽപ്പന്നങ്ങൾ**

നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പാക്കിംഗിനും മറ്റുമായി വിപണിയിൽ ഉപയോഗിക്കുന്നില്ലെന്നും, പ്രകൃതി സൗഹൃദ ബദൽ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നുവെന്നും ഉറപ്പാക്കുക.

4. **നിയമനടപടി**

ശാസ്ത്രീയ മാലിന്യ സംസ്കരണ രീതി പാലിക്കാത്തവർ, നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നവർ തുടങ്ങിയ നിയമലംഘനം നടത്തുന്നവർക്കെതിര ശക്തമായി നിയമനടപടി തദ്ദേശ സ്വയംഭരണ സ്ഥാപനതല വിജിലൻസ് സ്ക്വാഡും, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡും സ്വീകരിക്കേണ്ടതാണ്.

5. **പ്രചാരണം**

മാലിന്യശേഖരണം മുതൽ സംസ്കരണം വരെയുള്ള പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണവും, മാലിന്യ സംസ്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനം പൊതുവായി സ്വീകരിച്ച നടപടികളെകുറിച്ചും വ്യാപകമായ പ്രചാരണം നടത്തുക.

6. **ശക്തമായ മോണിറ്ററിംഗ്**

ഓണാഘോഷ പരിപാടി/മേളകളിൽ മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സമിതി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ജോയിന്റ് ഡയറക്ടർമാർ അവലോകനം ചെയ്യുകയും

ഉറപ്പാക്കുകയും വേണം

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 09-08-2023 19:06:05
സെക്ഷൻ ഓഫീസർ

പകർപ്പ്

(1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
(2) ജില്ലാ ജോയിന്റ് ഡയറക്ടർമാർ തദ്ദേശ സ്വയംഭരണ വകുപ്പ്.
(3) കരുതൽ ഫയൽ/ഓഫീസ് കോപ്പി